4061
29/2/16

Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

ആഭ്യന്തരവകുപ്പ് - പോലീസ് ജീവനക്കാര്യം - പോലീസ് വകുപ്പിൽ 175 എണ്ണം വീതം രണ്ട് ഘട്ടമായി 350 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

**ആഭ്യന്തര (കെ) വകുപ്പ്**

**സ.ഉ.(കൈ)നം. 59/2016/ആഭ്യന്തരം** തീയതി, തിരുവനന്തപുരം, 26.02.2016.

**പരാമർശം:** സംസ്ഥാന പോലീസ് മേധാവിയുടെ 17.10.2015 ലെ ഇ5/55807/2012 നമ്പർ കത്ത്.

**ഉത്തരവ്**

നിലവിലുള്ള വനിതാ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിന്റെ കാലാവധി 03.05.2016 ൽ അവസാനിക്കുന്നതിനാലും 400 ഓളം ഉദ്യോഗാർത്ഥികൾ ഇനിയും നിയമനം ലഭിക്കുവാൻ ഉള്ളതിനാലും ഇതിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് നിയമനത്തിനപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞതിനാലും ഇവർക്ക് നിയമനം നൽകുന്നതിനായി പോലീസിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കാവുന്നതാണെന്നും ഇതിനായി 350 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകൾ കൂടി അനുവദിക്കാവുന്നതാണെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോലീസ് വകുപ്പിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിന്, 350 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകൾ, രണ്ടു ഘട്ടമായി 175 എണ്ണം നടപ്പു സാമ്പത്തിക വർഷത്തിലും (2015-16), 175 എണ്ണം അടുത്ത സാമ്പത്തിക വർഷത്തിന്റെ (2016-17) ആദ്യമാസത്തിലും എന്ന നിലയിൽ താൽക്കാലികമായി സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നളിനി നെറ്റോ**
അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്:

1) സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
3) സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ (പേരുവച്ച കവറിൽ)
4) ധനകാര്യ വകുപ്പ് (29.01.2016 ലെ 3624(ഇ-162623)/വ്യയം എ3/2016/ധന നമ്പർ കത്ത്)
5) പൊതുഭരണ(എസ്.സി) വകുപ്പ്
6) വെബ് & മീഡിയ
7) സ്റ്റോക്ക് ഫയൽ/ഒ.സി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**